# കേരള സർവ്വകലാശാല

തിരുവനന്തപുരം-695034

## <u>ദർഘാസ് പരസ്യം</u>

കേരള സർവ്വകലാശാലയുടെ പാളയം സെനറ്റ്ഹൗസ് കാമ്പസിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് അനുയോജ്യമായ ഒരു ബയോഗ്യാസ് പ്ളാൻറും പ്രസ്തുത പ്ളാൻറിൽ ഉൽപ്പാദിപ്പിക്കുന്ന ബയോഗ്യാസ് ഇന്ധനമായി പ്രയോജനപെടുത്തി പ്രവർത്തിക്കുന്ന ഒരു ബയോ ഇൻസിനേററും സ്ഥാപിക്കുന്നതിന് സാങ്കേതിക സഹായം നൽകുന്നതിനും പ്രവൃത്തി ഏറെറടുത്തു നടത്തുന്നതിനും താൽപര്യം ഉള്ളതും ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം ഉള്ളതുമായ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും കരാറുകൾ ക്ഷണിച്ചു കൊള്ളുന്നു. പ്രതിദിനം ശരാശരി 40 kg മുതൽ50 kg വരെ ജൈവമാലിന്യം സംസ്കരിയ്ക്കാൻ ഉതകുന്നവയായിരിക്കണം ബയോഗ്യാസ്പ്ളാൻറ്. ഉദ്ദേശം 10 cum ശേഷിയുള്ള പ്രീ ഫാബ്രിക്കേററഡ് ജിയോ മെമ്പറയിൻസ് കൊണ്ട് നിർമ്മിച്ച ഡൈജസ്ററർ (സംരക്ഷിത മേൽക്കൂര ഉൾപ്പെടെ) 20 cuft കാൻറീൻ ബർണർ (സിംഗിൾ), 12mm വ്യാസമുള്ള പൈപ്പ് ഗ്യാസ് ലൈൻ 0.5 കുതിര ശക്തി ശേഷിയുള്ള ഡ്രൈക്രഷർ 8-10 cft ശേഷിയുള്ള ചൂട് പ്രതിരോധ ശേഷിയുള്ള ഇൻസിനേറ്റർ ചേംബർ 20 അടി ഉയരത്തിലുള്ള 6' വ്യാസമുള്ള ചിമ്മിനി ഇതിനാവശ്യമായ സിവിൽ, പ്ലംബിംഗ് ജോലികൾ എന്നിവയും മുന്നു വർഷത്തേക്ക് പ്ളാൻറിൻെറ പരിപാലനവും അറ്റകുറ്റപണികളും കരാറിൽ ഉൾപെടുന്നു. പ്രസ്തുത ജോലി ഏറ്റെടുത്തു നടത്തുന്നതിന് താല്പര്യമുള്ള മേൽപറഞ്ഞ യോഗ്യതയുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ പദ്ധതിയുടെ രൂപരേഖ പദ്ധതി ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങളോടൊപ്പം സ്ഥാപനത്തിന് ഈ മേഖലയിലെ പ്രവൃത്തി പരിചയം തെളിയിക്കുന്നതിനും സ്ഥാപനത്തിൻെറ അംഗീകാരം തെളിയിക്കുന്നതിനും ആവശ്യമായ രേഖകൾ സഹിതം **2016 ജനുവരി 20** നു വൈകുന്നേരം **3** മണിക്ക് ലഭിക്കത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മാർഗമോ (രജിസ്ട്രേഡ് തപാൽ മാത്രം) നല്കേണ്ടതാണ്. രേഖകൾ അടങ്ങിയ മുദ്ര വച്ച കവറുകളുടെ മുകളിൽ 'മാലിന്യ സംസ്കരണ പ്ളാൻറ് സ്ഥാപിക്കുന്നതിനുള്ള കരാർ' എന്ന്

രേഖപെടുത്തി **രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം-34** എന്ന വിലാസത്തിൽ നൽകേണ്ടതാണ്. വൈകി കിട്ടുന്നതും അപൂർണവുമായ ദർഘാസുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസിനോടൊപ്പം അടങ്കൽ തുകയുടെ **2.5%** നിരത ദ്രവ്യം ഫിനാൻസ് ഓഫീസർ, കേരള സർവ്വകലാശാല എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻഢ് ഡ്രാഫ്റ്റായി നല്കേണ്ടതാണ്. തെരെഞ്ഞെടുക്കപെടുന്ന കരാറുകാരൻ/ സ്ഥാപനം ഇതു സംബന്ധിച്ചു മുദ്ര പത്രത്തിൽ എഗ്രിമെൻറ് വയ്കേണ്ടതും എഗ്രിമെൻറിനോടൊപ്പം അടങ്കൽ തുകയും **5%** സെക്യൂരിറ്റി ഡെപ്പോസിറ്റ് [നിരത ദ്രവ്യം കഴിച്ചു] നൽകേണ്ടതുമാണ്. കരാർ ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനം 2 മാസ കാലയളവിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കി പ്ലാൻറ് വിജയകരമായി പ്രവർത്തിച്ചു കാണിയ്ക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച മറ്റു വിശദാംശങ്ങൾ പാളയത്തുള്ള അസിസ്റ്റൻറ് എൻജിനീയറുടെ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭ്യമാണ്. കരാർ തുകയിൽ നിന്നും നിയമ പ്രകാരമുള്ള നികുതികൾ, മറ്റു സ്റ്റാറ്റ്യൂട്ടറി റിക്കവറി എന്നിവ ഈടാക്കുന്നതാണ്. യാതൊരു കാരണവും കൂടാതെ കരാറുകൾ നിരസിയ്ക്കുന്നതിനുള്ള അവകാശം കേരള സർവ്വകലാശാല രജിസ്ട്രാറിൽ നിക്ഷിപ്തമായിരികും.

**രജിസ്ട്രാർ**

തിരുവനന്തപുരം
05/01/2016

# കേരള സർവ്വകലാശാല

തിരുവനന്തപുരം

## ജൈവമാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കുന്നതിന

ടെണ്ടർ ക്ഷണിക്കുന്നു

സർവ്വകലാശാലയുടെ പാളയം കാമ്പസിൽ ജൈവ മാലിന്യ സംസ്കരണ യുണിറ്റ് സ്ഥാപിക്കുന്നതിന് 3 വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ഏജൻസികളിൽ നിന്ന് ടെണ്ടർ ക്ഷണിക്കുന്നു.

വിശദവിവരങ്ങൾക്ക്: www.keralauniversity.ac.in

അവസാന തിയതി : 20/01/2016

**രജിസ്ട്രാർ**